ക്വട്ടേഷൻ/പുനർ ലേലപ്പരസ്യം

നമ്പർ എ4/6928/2006/എംസിസി. 2007 മെയ് 9.

കോഴിക്കോട് മെഡിക്കൽ കോളേജ് കാമ്പസിലെ ഡെന്റൽ കോളേജിനും അനുബന്ധ സ്ഥാപനങ്ങൾക്കും ഭീഷണിയായി നിൽക്കുന്ന പട്ടികയിൽ വിവരിക്കുന്ന മരങ്ങളും ശിഖരങ്ങളും 2007 ജൂൺ 14-ന് 2 മണിക്ക് മെഡിക്കൽ കോളേജ് ആഫീസ് പരിസരത്തുവച്ച് പരസ്യലേലം നടത്തി വിൽപ്പന നടത്തുന്നതാണ്. പരസ്യ ലേലത്തോടൊപ്പം മുദ്രവച്ച രഹസ്യവും മത്സരസ്വഭാവവുമുള്ള ക്വട്ടേഷനുകളും സ്വീകരിക്കുന്നതാണ്. ലേലത്തിലോ ക്വട്ടേഷനിലോ കൂടുതൽ തുക വാഗ്ദാനം ചെയ്ത ആളുടെ പേരിൽ ലേലം ഉറപ്പിക്കുന്നതായിരിക്കും. മുദ്രവച്ച ക്വട്ടേഷനുകൾ 13-6-2007-ന് വൈകിട്ട് 4 മണിക്ക് മുൻപായി ആഫീസിൽ ലഭിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. പരസ്യ ലേലത്തിനു ശേഷം മാത്രമേ ക്വട്ടേഷനുകൾ തുറക്കുകയുള്ളൂ. ലേലം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കും.

നിബന്ധനകൾ

1. ലേലത്തിലും ക്വട്ടേഷനിലും പങ്കെടുക്കുന്നവർ 14-6-2007-ന് ഉച്ചയ്ക്ക് 1 മണിക്ക് മുമ്പായി ആഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതും നിരതദ്രവ്യമായി 1,000 രൂപ കെട്ടിവയ്ക്കേണ്ടതുമാണ്.
2. ലേലം കൊണ്ട വ്യക്തി ലേലത്തുകയും നിയമാനുസൃതമായ നികുതിയും കൂടി ആഫീസിൽ മുൻകൂറായി അടയ്ക്കേണ്ടതാണ്.
3. കരാർ ഉറപ്പിച്ച് കഴിഞ്ഞാൽ കരാർകൊണ്ട ആളുടേതൊഴികെയുള്ള നിരതദ്രവ്യം തിരിച്ച് നൽകുന്നതാണ്.
4. ലേലംകൊണ്ട വ്യക്തി 7 ദിവസത്തിനകം പ്രവൃത്തി ദിവസങ്ങളിൽ സെക്യൂരിറ്റി അസിസ്റ്റന്റിന്റെ സാന്നിദ്ധ്യത്തിൽ ലേലത്തിൽ ഉൾപ്പെടുത്തിയ മരങ്ങളും ശിഖരങ്ങളും മുറിച്ച് നീക്കം ചെയ്യേണ്ടതാണ്.
5. മുൻകൂർ അറിയിപ്പ് ഇല്ലാതെ തന്നെ ലേലം നിർത്തിവയ്ക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും പ്രിൻസിപ്പാളിന് അധികാരമുണ്ടായിരിക്കും.
6. മെഡിക്കൽ കോളേജ് ജീവനക്കാർ ലേലത്തിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല.
7. മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ കെട്ടിടങ്ങൾക്കോ മറ്റ് വസ്തുവകകൾക്കോ എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ അതിനുള്ള നഷ്ടപരിഹാരം ലേലം കൊണ്ട ആളിൽ നിന്നും വസൂലാക്കുന്നതായിരിക്കും.
8. മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ എന്തെങ്കിലും തരത്തിലുള്ള അപകടമോ അത്യാഹിതമോ സംഭവിച്ചാൽ അതിന്റെ ഉത്തരവാദി ലേലം കൊണ്ട വ്യക്തി മാത്രമായിരിക്കും.
9. ലേലം കൊണ്ട വ്യക്തിക്കുണ്ടായേക്കാവുന്ന കഷ്ടനഷ്ടങ്ങൾക്ക് പ്രിൻസിപ്പാളോ ഗവൺമെന്റോ ഉത്തരവാദിയായിരിക്കുന്നതല്ല. തൽസംബന്ധമായ യാതൊരുവിധ നഷ്ടപരിഹാരവും നൽകുന്നതല്ല.
10. ലേലം സംബന്ധിച്ച് പ്രിൻസിപ്പാളിന്റെ തീരുമാനം അന്തിമമായിരിക്കും.

മരങ്ങളുടെ പട്ടിക

1, 2. ഡെന്റൽ കോളേജ് കെട്ടിടത്തിന് കിഴക്ക് വശത്തായി താൽക്കാലിക കാർ ഷെഡ്ഡിനടുത്ത് നിൽക്കുന്ന ഒരു ഞാവൽ മരവും ചരിഞ്ഞ് നിൽക്കുന്ന ഒരു മഴ മരവും.

3. ഡെന്റൽ കോളേജ് കെട്ടിടങ്ങൾക്കിടയിൽ നിൽക്കുന്ന ഒരു ഞാവൽ മരം.

4, 5. കെട്ടിടത്തിന് വടക്ക് പടിഞ്ഞാറ് ഭാഗത്ത് നിൽക്കുന്ന രണ്ട് സ്പാത്തോഡിയ മരങ്ങൾ.

6, 7. കെട്ടിടത്തിന്റെ വടക്ക് പടിഞ്ഞാറ് ഭാഗത്ത് നിൽക്കുന്ന വള്ളിയുള്ള ഒരു മഴമരവും ഒരു ഞാവൽ മരവും.

8, 9, 10. കെട്ടിടത്തിന് പടിഞ്ഞാറ് ഭാഗത്ത് ചുറ്റുമതിലിനും കാർ ഷെഡ്ഡിനുമിടയിലുള്ള ഒരു ഞാവൽ മരവും രണ്ട് സ്പാത്തോഡിയ മരങ്ങളും.

11. കെട്ടിടത്തിന്റെ മുന്നിൽ മതിലിലേക്ക് ചരിഞ്ഞു നിൽക്കുന്ന മഴമരത്തിന്റെ കൊമ്പുകൾ.

മെഡിക്കൽ കോളേജ്, (ഒപ്പ്)
കോഴിക്കോട്. പ്രിൻസിപ്പാൾ.